2005 ജൂലായ് 1 മുതൽ 4 വരെ നടന്ന വിദ്യാർത്ഥി പ്രക്ഷോഭം

120 [1676] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ജൂലായ് 1 മുതൽ 4 വരെ നടന്ന വിദ്യാർത്ഥി പ്രക്ഷോഭത്തെ തുടർന്ന് ഏതെല്ലാം സ്ഥലങ്ങളിൽ കണ്ണീർ വാതകവും ഗ്രനേഡും ഉപയോഗിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ ലാത്തിച്ചാർജ്ജ് നടന്നു;

(സി) ലാത്തിച്ചാർജ്ജിന്റേയും ഗ്രനേഡ് ആക്രമണത്തിന്റേയും ഫലമായി എത്ര പേർക്ക് പരിക്കേറ്റു; ഇതിൽ വിദ്യാർത്ഥികൾ എത്ര; വിദ്യാർത്ഥിനികൾ എത്ര;

(ഡി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. 2005 ജൂലായ് 1 മുതൽ 4 വരെ നടന്ന വിദ്യാർത്ഥി പ്രക്ഷോഭത്തെ തുടർന്ന് കൊച്ചി സിറ്റിയിൽ കാക്കനാട് കൗൺസിലിംഗ് സെന്ററിന് സമീപം കണ്ണീർ വാതകവും, കണ്ണീർ വാതക ഗ്രനേഡും ഉപയോഗിച്ചിട്ടുണ്ട്.

2. കണ്ണൂർ ജില്ലയിൽ 4-7-2005-ൽ വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ ഭാഗമായി ഡി. വൈ. എഫ്. ഐ. നടത്തിയ കണ്ണൂർ കളക്ടറേറ്റ് മാർച്ചിനോടനുബന്ധിച്ച് പോലീസിന് നേരെ കല്ലെറിഞ്ഞതിനെ തുടർന്ന് അവരെ പിരിച്ചു വിടുന്നതിനായി കണ്ണീർ വാതകവും, കണ്ണീർ വാതക ഗ്രനേഡും ഉപയോഗിച്ചിട്ടുണ്ട്.

3. കോഴിക്കോട് സിറ്റിയിൽ ഐ. എം. ജി. പരിസരത്തും, സിറ്റി പോലീസ് കമ്മീഷണർ ഓഫീസിന്റെ മുന്നിലും കണ്ണീർ വാതകവും, കണ്ണീർ വാതക ഗ്രനേഡും പ്രയോഗിച്ചിട്ടുണ്ട്.

4. തിരുവനന്തപുരം സിറ്റിയിൽ നാലു സ്ഥലങ്ങളിൽ കണ്ണീർ വാതകവും, കണ്ണീർ വാതക ഗ്രനേഡും പ്രയോഗിച്ചു.

(1) എ. കെ. ജി. സെന്ററിനു സമീപം

(2) പാളയം ഫ്ളൈ ഓവറിനു സമീപം

(3) ചാവടിമുക്ക്

(4) മൺവിള

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. കൊച്ചി സിറ്റിയിൽ കാക്കനാട് കൗൺസിലിംഗ് സെന്ററിന് സമീപം ലാത്തിച്ചാർജ്ജ് നടന്നിട്ടുണ്ട്.

2. കോഴിക്കോട് സിറ്റിയിൽ ഐ. എം. ജി.-ക്ക് മുന്നിൽ ലാത്തിച്ചാർജ്ജ് നടന്നിട്ടുണ്ട്.

3. ഡി. വൈ. എഫ്. ഐ. നടത്തിയ അസംബ്ലി മാർച്ചിനോടനുബന്ധിച്ച് ലാത്തിച്ചാർജ്ജ് നടത്തിയിട്ടുണ്ട്.

(സി) ആറ് വിദ്യാർത്ഥികൾക്ക് പരിക്ക് പറ്റി. (വിദ്യാർത്ഥി-2, വിദ്യാർത്ഥിനി-4)

(ഡി) 35 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഡ്യൻ ശിക്ഷാ നിയമത്തിലെയും, പി. ഡി. പി. പി. ആക്ടിലെയും, എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ടിലെയും കേരളാ പോലീസ് ആക്ടിലെയും വിവിധ വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

വിദ്യാർത്ഥികൾക്ക് നേരെയുള്ള പോലീസ് അതിക്രമങ്ങൾ

121 [1677] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*
ഡോ. തോമസ് ഐസക്:
ശ്രീ. പി. സി. ജോർജ്ജ്:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗൺസിലിംഗ് കേന്ദ്രങ്ങളിലേക്ക് മാർച്ച് നടത്തിയ വിദ്യാർത്ഥികൾക്ക് നേരെ നടത്തുന്ന ലാത്തിച്ചാർജ്ജുകളെയും ഗ്രനേഡ്, ടിയർ ഗ്യാസ് പ്രയോഗത്തെയും സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എസ്. എഫ്. ഐ. വിദ്യാർത്ഥികൾ നടത്തിയ മാർച്ചിനുനേരെ ഏതെല്ലാം കേന്ദ്രങ്ങളിലാണ് ലാത്തിച്ചാർജ്ജും ടിയർ ഗ്യാസും, ഗ്രനേഡും പ്രയോഗിച്ചതെന്ന് പറയാമോ;

(സി) ഇതിന്റെ ഫലമായി എത്ര വിദ്യാർത്ഥികൾക്ക് പരിക്കു പറ്റി, എത്ര പേരെ വിവിധ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്തിട്ടുണ്ട്;

(ഡി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly